# ഗ്രാമീൺ കൃഷി മൗസം സേവാ

## കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ,ഇടുക്കിജില്ല

എ.എ.ബി ബുള്ളറ്റിൻ നമ്പർ.:40/ 2025-2026

ദിവസം&തീയ്യതി: ചൊവ്വാഴ്ച്ച, 20.05.2025

| കഴിഞ്ഞ വാരത്തിലെ സംക്ഷിപ്ത കാലാവസ്ഥ (Dated 13.05.25 to 19.05.25) | | | | | | | കാലാവസ്ഥാഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം: (Valid for 21.05.25 to 25.05.2025) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 13/05 | 14/05 | 15/05 | 16/05 | 17/05 | 18/05 | 19/05 | തീയ്യതി | 21/05 | 22/05 | 23/05 | 24/05 | 25/05 |
| 0 | 0 | 1 | 4.2 | 0 | 0 | 0 | മഴ (മില്ലി.മീറ്റർ) | 10 | 3 | 2 | 20 | 12 |
| 25.7 | 25.7 | 24.5 | 25.5 | 24.7 | 23.7 | 25 | ഉയർന്ന താപനില ($^{0}C$) | 27 | 27 | 27 | 27 | 27 |
| 22.5 | 22.5 | 21.5 | 22.5 | 21.5 | 20.5 | 21.5 | കുറഞ്ഞ താപനില($^{0}C$) | 21 | 21 | 21 | 21 | 21 |
| 81 | 78 | 84 | 85 | 81 | 88 | 81 | കൂടിയഅന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| | | | | | | | കുറഞ്ഞഅന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| | | | | | | | കാറ്റിന്റെവേഗത(കിലോ മീറ്റർ/മണിക്കൂർ) | 5 | 3 | 3 | 4 | 3 |
| SWS | NNW | SWS | SWS | NNW | SWN | SWS | കാറ്റിന്റെദിശ(ഡിഗ്രി | 270 | 270 | 230 | 230 | 270 |
| 7 | 7 | 7 | 7 | 7 | 7 | 7 | മേഘവ്യാപ്തി(ഒക്ട) | 8 | 7 | 7 | 8 | 8 |

**കാർഷിക കാലാവസ്ഥാ മുന്നറിയിപ്പുകൾ :** അടുത്ത ദിവസങ്ങളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മിതമായതോ കനത്തതോ ആയ മഴ പ്രതീക്ഷിക്കാം.

| വിളകൾ | കാർഷിക/മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|
| **തെങ്ങ്** (കൊമ്പൻചെല്ലി) | തെങ്ങിന്റെ മണ്ഡവൃത്തിയാക്കുക . കൊമ്പൻ ചെല്ലിയുടെ ആക്രമണ ലക്ഷണങ്ങൾ കാണുന്ന ദ്വാരങ്ങളിൽ നിന്നും ചെല്ലി കോൽ ഉപയോഗിച്ചു ചെല്ലിയെ പുറത്തെടുക്കുക തുടർന്നുണ്ടാകുന്ന മുറിപ്പാടുകളിൽ ബോർഡോ കുഴമ്പ് പുരട്ടുക.<br>1. വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം + 250 ഗ്രാം മണലുമായി ചേർത്ത് ഏപ്രിൽ മെയ് , സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഓലക്കവിളുകളിൽ ഇടുക.<br>2. തെങ്ങിന്റെ മണ്ടവൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർടാപ് ഹൈഡ്രോക്ലോറൈഡ് 200 ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവിശ്യം ജനുവരി, മെയ് , സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br>ഇടവിട്ടുള്ള മഴയോടുകൂടിയുള്ള അന്തരീക്ഷവസ്ഥ ഫൈറ്റോഫ്ത്തോറ മൂലമുള്ള മണ്ട ചീയലിനു അനുകൂലമാണ് . ഇതിനെതിരെ മുൻകരുതലായി 1 % വീര്യമുള്ള ബോർഡോ മിശ്രിതം പശചേർത്ത് തളിച്ചുകൊടുക്കുക |
| **കമുക്** (മഹാളി) | കൃഷിയിടം വൃത്തിയാക്കി സൂക്ഷിക്കുക കൊഴിഞ്ഞുപോയ അടക്കകൾ നശിപ്പിച്ചു കളയുക. തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നതിന് മുൻപായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച കൊടുക്കുക. |
| **കുരുമുളക്** (ചീച്ചൽ രോഗം) | മുൻകരുതലായി ട്രൈക്കോഡെർമ്മ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് ചാണകം മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണിൽ കുതിർത്തുക.<br>ദ്രുതവാട്ടത്തിനെതിരെ മുൻകരുതലായി 150 ഗ്രാം ട്രൈക്കോഡെർമ സംബുഷിട്ടീകരിച്ച ചാണകപ്പൊടി കുരുമുളകിന്റെ തടത്തിൽ ഇട്ടുകൊടുത്തു മണ്ണ് കയറ്റികൊടുക്കുക |
| **വാഴ** | വേനൽ മഴയോടെ കാറ്റിന്റെ വേഗത കൂടാൻ സാധ്യത ഉള്ളതിനാൽ താങ്ങു കാലുകൾ നൽകേണ്ടതാണ്.ഇലപ്പുള്ളി രോഗത്തിന് അനുകൂല അന്തരീക്ഷ സ്ഥിതിയാണ്.ഇതിനെതിരെ കർഷകർജാഗ്രത പുലർത്തുക |
| **ഇഞ്ചി/മഞ്ഞൾ** (നടുന്ന സമയം) | വാട്ടം /ചീച്ചൽ മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ്മ സമ്പുഷ്ടമാക്കിയ ചാണകം ( 100 കിലോഗ്രാം ചാണകത്തിൽ ഒരു കിലോ ഗ്രാം ട്രൈക്കോഡെർമ്മ) ഉപയോഗിക്കുക അല്ലെങ്കിൽ 100 ചതുരശ്രമീറ്ററിന് 25 ഗ്രാം വീതം ട്രൈക്കോഡെർമ്മ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |
| **ഏലം** | ഏല തോട്ടങ്ങളിൽ കീട നിയന്ത്രണത്തിന്റെ ഭാഗമായി ഉണങ്ങിയ ഇലകൾ മുറിച്ചു മാറ്റേണ്ടതാണ് . തണ്ടുതുരപ്പന്റെ ആക്രമണത്തിന് സാധ്യതയുണ്ട് ഇതിനെതിരെ ക്ലോറാൻട്രാനിലി പ്രോൾ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു മഴയൊഴിഞ്ഞ സമയത്ത് തളിക്കാവുന്നതാണ് . കട്ടെ രോഗം ബാധിച്ച ഏല ചെടികൾ പിഴുതു മാറ്റുക . അഴുകൽ രോഗത്തിനെതിരെ സാധ്യതയുള്ളതിനാൽ നീർ വാർച്ച ഉറപ്പുവരുത്തുക |
| **കാപ്പി** | നിലവിലുള്ള അന്തരീക്ഷവസ്ഥയിൽ കായ അഴുകൽ രോഗത്തിന് സാധ്യത കൂട്ടുന്നു . ഇതിനെതിരെ മുൻകരുതലായി 0 .5 % വീര്യത്തിൽ പശചേർത്തു തളിച്ചുകൊടുക്കേണ്ടതാണ്. |
| **പച്ചക്കറികൾ** | വെള്ളരിവർഗ പച്ചക്കറികൾ നടാൻ അനുയോജ്യമായ സമയമാണ് .വെണ്ടയുടെ ഇലചുരുട്ടിപുഴു, മണ്ഡരി എന്നിവയുടെ വ്യാപനത്തിന് സാധ്യത |
| **മൃഗ സംരക്ഷണം** | കാലിത്തീറ്റ സംഭരിച്ചു വക്കുന്ന സ്ഥലങ്ങളിൽ നനവ് ഇല്ലാതെ സൂക്ഷിക്കുന്നത് വഴി ഭക്ഷ്യവിഷബാധ ഒഴിവാക്കാം.എലികളുടെ ആക്രമണം തടയുക വഴി എലിപ്പനി രോഗം തടയുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സുക്ഷിക്കുകയും ഭക്ഷണ അവശിഷ്ടങ്ങളും ചപ്പുചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക. |

പ്രാദേശികകാർഷികഗവേഷണകേന്ദ്രം അമ്പലവയലും ഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായിഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്